## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3632 | 15.12.2014 ൽ മറുപടിക്ക്

### ഇ-ഫയലിംഗ് സിസ്റ്റം

**ചോദ്യം** | **മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ് :

ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ ഇലക്ട്രോണിക് ഫയലിംഗ് സിസ്റ്റം അഥവാ ഇ-ഫയലിംഗ് നടപ്പാക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; | (എ) | സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി NIC യിൽ നിന്നും ഐ ടി മിഷനിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രോജക്റ്റ് മോണിറ്ററിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടി എന്ത് തുകയാണ് ചെലവഴിക്കേണ്ടി വരിക എന്ന് കണക്കാക്കിയിട്ടുണ്ടോ; ആവർത്തന ചെലവ് വർഷം എത്ര രൂപ വരുമെന്ന് അറിയിക്കുമോ; | (ബി) | പ്രോജക്റ്റ് മോണിറ്ററിംഗ് യൂണിറ്റിലെ മാനവശേഷിക്കായുള്ള ചെലവ് ചുവടെ ചേർക്കുന്നു.<br>1- ാം വർഷം - 3.84 കോടി രൂപ<br>2- ാം വർഷം - 1.39 കോടി രൂപ<br>3- ാം വർഷം - 98.22 ലക്ഷം രൂപ<br>അടുത്ത 5 വർഷത്തേയ്ക്കായി 43 ലക്ഷം രൂപ |
| (സി) | ഓഫീസ് നടപടികളുടെ പരിഷ്ക്കരണത്തിനായി മുമ്പ് നടപ്പാക്കിയ DDFS/IDEAS/LIMS എന്നീ സംവിധാനങ്ങൾ ഇപ്പോഴും പിൻതുടരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇവയ്ക്കുവേണ്ടി എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (സി) | നിയമ വകുപ്പിൽ ഓഫീസ് നടപടികളുടെ പരിഷ്ക്കരണത്തിനായി നടപ്പിലാക്കിയ Law Information Management System (LIMS) എന്ന സംവിധാനം ഇപ്പോഴും പിൻതുടരുന്നുണ്ട്. 2003-04 മുതൽ നടപ്പിലാക്കിയ LIMS സംവിധാനത്തിൽ ഇതുവരെ 7,01,91,037 (ഏഴ് കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുപ്പത്തി ഏഴ് രൂപ) ചെലവായിട്ടുണ്ട്. DDFS ഉം IDEAS ഉം ഇപ്പോഴും പിൻതുടരുന്നുണ്ട്. DDFS നായി ഇതുവരെ 78,66,092/- രൂപ ചെലവായിട്ടുണ്ട്. IDEAS നായി ഇതുവരെ 61.06 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | ഇ-ഓഫീസ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് നേരിട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ടോ; ഇതു നടപ്പാക്കുമ്പോൾ ഏതെങ്കിലും തസ്തികകൾ നഷ്ടപ്പെടുമോയെന്നറിയിക്കുമോ? | (ഡി) | ഇ-ഓഫീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാർ ചൂണ്ടിക്കാട്ടിയ ചില പോരായ്മകളെ സംബന്ധിച്ച് ന്യൂഡൽഹിയിൽ നിന്നുള്ള NIC ടീമുമായി ഒന്നിലധികം തവണ ചർച്ചകൾ നടത്തുകയും തുടർന്നു ന്യൂനതകൾ പ്രാധാന്യം അനുസരിച്ച് പരിഹരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള തസ്തികകളൊന്നും തന്നെ നഷ്ടപ്പെടുന്നതല്ല. |

സെക്ഷൻ ഓഫീസർ